പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 827

30/06/2015 -ൽ മറുപടിയ്ക്കു്

**ദേവസ്വം വക ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം വക ക്ഷേത്രങ്ങളിലെ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | എ) | കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി 2012 -ൽ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. 5 വർഷമാണ് കാലാവധി. മലബാർ ക്ഷേത്ര ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിയോഗിച്ച് സർക്കാർ ഉത്തരവായിരുന്നു. നിലവിൽ കമ്മീഷൻ രാജി സമർപ്പിച്ചിട്ടുണ്ട്. മറ്റു ദേവസ്വങ്ങളിൽ ഇത്തരം കമ്മീഷനെ നിയോഗിച്ചിട്ടില്ല. |
| ബി) മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) പ്രതിസന്ധിയുടെ കാരണം പരിശോധിച്ചോ; ജീവനക്കാർക്ക് അടിയന്തിരമായി ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ? | സി) | ക്ഷേത്ര ജീവനക്കാരുടെ ശമ്പള കുടിശ്ശിക ലഭിക്കുന്നതിലെ പരാതികൾ കമ്മീഷണർ പ്രത്യേകമായി പരിശോധിക്കുകയും ഡെപ്യൂട്ടി കമ്മീഷണറുടെ മേൽനോട്ടത്തിൽ ഇക്കാര്യത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനായി ഒരു ടീമിനെതന്നെ നിയോഗിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി പരാതികളിൽ തീർപ്പ് കൽപ്പിക്കുകയും, ശമ്പള കുടിശ്ശിക വിതരണം കൂടുതൽ കാര്യക്ഷമമാവുകയും ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ